REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 17-02-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളിലെയും സഹകരണ മന്ത്രിമാരുടെ ഉന്നതതല യോഗം ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ.**
- **സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച നാല് സയൻസ് പാർക്കുകളിൽ ഒന്നായ കണ്ണൂർ സയൻസ് -IT പാർക്കിന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും.**
- **ആയിരത്തിലേറെ വില്ലേജ് ഓഫീസുകൾ സംസ്ഥാനത്ത് സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറിയെന്ന് മന്ത്രി K .രാജൻ.**
- **10, 12 ക്ലാസ് CBSE ബോർഡ് പരീക്ഷകൾ ഇന്ന് തുടങ്ങും.**
- **ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഓസ്ട്രേലിയയെ തോൽപ്പിച്ച് ശ്രീലങ്ക സൂപ്പർ 8 ലെത്തി.**

## വാർത്തകൾ വിശദമായി

സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളിലെയും സഹകരണ മന്ത്രിമാരുടെ ഉന്നതതല യോഗം ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ ചേരും. സഹകരണ മേഖലയിലെ പരിഷ്കാരങ്ങളും, വിപുലീകരണ പദ്ധതികളും അവലോകനം ചെയ്യുന്ന 'മന്ഥൻ ബൈഠ'കിൽ കേന്ദ്ര ആഭ്യന്തര സഹകരണ മന്ത്രി അമിത്ഷാ അധ്യക്ഷനാകും.

..........ഡെസ്ക് റിപ്പോർട്ട്...........

..........വോയ്സ്...........

ഗ്രാമീണ സമ്പദ് വ്യവസ്ഥയ്ക്ക് ഊർജ്ജം നൽകാൻ ലക്ഷ്യമിട്ട് രണ്ട് ലക്ഷം പുതിയ വിവിധോദ്ദേശ്യ പ്രാഥമിക കാർഷിക ക്രഡിറ്റ് സൊസൈറ്റികൾ, ക്ഷീര മത്സ്യ ബന്ധന സഹകരണ സംഘങ്ങൾ തുടങ്ങിയവയുടെ പുരോഗതി മന്ഥൻ ബൈഠക്കിൽ ചർച്ചയാകും. കൂടാതെ കയറ്റുമതി പിന്തുണ, ജൈവകൃഷി പ്രോത്സാഹനം, ഗുണനിലവാര വിത്തുകളുടെ വിതരണം കാര്യക്ഷമമാക്കൽ എന്നിവയ്ക്കായി രൂപീകരിച്ച, ദേശീയതല സഹകരണ സ്ഥാപനങ്ങളിലെ സംസ്ഥാന പങ്കാളിത്തവും യോഗം ചർച്ച ചെയ്യും.

സംസ്ഥാനങ്ങളിലെ സഹകരണ മന്ത്രിമാർ, അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ തുടങ്ങിയ ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കും. സഹകരണ മന്ത്രാലയം ഏറ്റെടുത്ത പ്രധാന സംരംഭങ്ങളുടെ പുരോഗതി, യോഗം വിലയിരുത്തും.

✪✪✪

ബെംഗലൂരുവിലെ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിലെ മിസൈൽ ഇന്റഗ്രേഷൻ സൗകര്യം രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഉദ്ഘാടനം ചെയ്തു. ആകാശ് 3rd, 4th റെജിമെന്റ് കോംബാറ്റ് സിസ്റ്റങ്ങൾ രാജ്യരക്ഷാ മന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുകയും മൗണ്ടൻ ഫയർ കൺട്രോൾ റഡാർ അനാച്ഛാദനവും നിർവഹിച്ചു.

✪✪✪

ബെംഗലൂരുവിൽ 6-ാമത് ഇന്ത്യ-ഫ്രാൻസ് വാർഷിക പ്രതിരോധ സംഭാഷണത്തിന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങും ഫ്രഞ്ച് സായുധ സേനാ മന്ത്രി കാതറിൻ വൗട്രിനും സംയുക്തമായി നേതൃത്വം നൽകും. പത്ത് വർഷത്തേക്ക് കൂടി പ്രതിരോധ സഹകരണ കരാർ പുതുക്കാനും ഹാമർ മിസൈലുകൾ നിർമ്മിക്കാനും സംയുക്ത സംരംഭത്തിന് ധാരണാ പത്രത്തിൽ ഒപ്പുവെക്കുന്നതിൽ യോഗം ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് രാജ്യരക്ഷാ മന്ത്രാലയം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ ഉദ്ഘാടനം ചെയ്ത പ്രധാനമന്ത്രിയുടെ ഓഫീസായ സേവാ തീർത്ഥയിൽ മുൻ രാഷ്ട്രപതി രാം നാഥ് ഗോവിന്ദുമായി കൂടിക്കാഴ്ച നടത്തി. വിവിധ വിഷയങ്ങളിൽ രാം നാഥ് ഗോവിന്ദിന്റെ ഉൾക്കാഴ്ചകൾ എപ്പോഴും ചിന്തനീയവും സമ്പന്നവുമാണെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. പ്രധാനമന്ത്രിയെ സേവാ തീർത്ഥയിൽ കാണാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് രാംനാഥ് ഗോവിന്ദും സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച നാല് സയൻസ് പാർക്കുകളിൽ ഒന്നായ കണ്ണൂർ സയൻസ്, IT പാർക്കിന് ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും. വൈകിട്ട് അഞ്ചരക്കണ്ടി ചെറിയവളവിൽ ആണ് ചടങ്ങ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.........വോയ്സ്........

വേങ്ങാട് പഞ്ചായത്തിലെ പടുവിലായി വില്ലേജിലെ കിൻഫ്ര ഏറ്റെടുത്ത 25 ഏക്കർ ഭൂമിയിലാണ് പാർക്ക് സ്ഥാപിക്കുക. 317 കോടി രൂപ ചെലവിൽ ആണ് നരീമ്മാണം. അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തൃതിയിൽ ഒൻപത് നിലകളോടെയാണ് പാർക്ക് പണിയുക . പ്ലഗ് ആൻഡ് പ്ലേ സ്പേസ്, കോൺഫറൻസ് ഹാൾ, ഓഡിറ്റോറിയം, ഡേ കെയർ, ബാങ്ക് , ഫുഡ് കോർട്ട്, ജിം, സ്പോർട്സ് സെന്റർ, സ്പാ, ക്ലിനിക് എന്നീ സൗകര്യങ്ങളും ഒരുക്കും. ഏകദേശം 4000 ത്തോളം പേർക്ക് ഒരേസമയം ജോലി ചെയ്യാനുള്ള സൗകര്യമുള്ള ഐ ടി ടവർ ആണ് നിർമ്മിക്കുക. കേരള സ്റ്റേറ്റ് ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡിനാണ് നിർമ്മാണ പ്രവൃത്തികളുടെ ഏകോപന ചുമതല.

✪✪✪

കണ്ണൂർ പിണറായി പൊലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം, വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി P.A മുഹമ്മദ് റിയാസ് അദ്ധ്യക്ഷനാകും.

പിണറായി കൺവെൻഷൻ സെന്ററിന് സമീപം മൂന്നു നിലകളിലാണ് കെട്ടിടം. വനിത ഹെൽപ്പ് ഡെസ്ക്, വിറ്റ്നസ് എക്സാമിനേഷൻ - മോണിറ്ററിംഗ് റൂമുകൾ, സ്യൂട്ട് റൂം എന്നിവ ഒരുക്കിയിട്ടുണ്ട്.

പിണറായിയിലെ ചേരിക്കൽ–കോട്ടം പാലവും അഞ്ചരക്കണ്ടി പുഴയ്ക്ക് കുറുകെ നിർമ്മിച്ച കീഴത്തൂർ പാലവും മുഖ്യമന്ത്രി ഇന്ന് നാടിന് സമർപ്പിക്കും.

✪✪✪

സംസ്ഥാനത്തെ ആയിരത്തിലേറെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറിയെന്ന് മന്ത്രി K .രാജൻ അറിയിച്ചു. വട്ടിയൂർക്കാവിൽ നിർമ്മാണം പൂർത്തീകരിച്ച 27 സ്മാർട്ട് വില്ലേജ് ഓഫീസുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് 622 പുതിയ സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിച്ചെന്നും 407 ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി നവീകരിച്ചതായും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ മുതിർന്ന പൗരന്മാരെ സംരക്ഷിക്കാനും പുനരധിവസിപ്പിക്കാനും എല്ലാ ജില്ലകളിലും 'സായംപ്രഭാ സേന' എന്ന പേരിൽ ദ്രുതകർമ്മസേന രൂപീകരിച്ചതായി മന്ത്രി ഡോ.R.ബിന്ദു അറിയിച്ചു.

വയോജനങ്ങളുടെ സുരക്ഷ, ക്ഷേമം, സമൂഹ പുനഃസംയോജനം എന്നിവ ഉറപ്പാക്കുന്നതിനാണ് പദ്ധയെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

രാജ്യത്താദ്യമായി നഗരനയം അംഗീകരിച്ച സംസ്ഥാനമായി കേരളം മാറിയെന്ന് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. 2026 മുതൽ 2050 വരെ സംസ്ഥാനത്തിന്റെ നഗരവൽക്കരണത്തിന് ദിശാബോധം നൽകുകയും സമഗ്ര വികസനത്തിന് വഴിയൊരുക്കുകയും ചെയ്യുന്നതാണ് നഗരനയമെന്ന് മന്ത്രി പറഞ്ഞു. ദീർഘമായ പഠനവും വിപുലമായ കൂടിയാലോചനകളും ഉൾക്കൊണ്ട പ്രക്രിയയിലൂടെയാണ് സംസ്ഥാന ഗവൺമെന്റ് നയം ആവിഷ്കരിച്ചതെന്നും മന്ത്രി അറിയിച്ചു.

✪✪✪

പൊതുമരാമത്ത്, ടൂറിസം വകുപ്പുകളിൽ ഡിസൈൻ നയം നടപ്പാക്കിയ സംസ്ഥാനം കേരളമാണെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. ഫറോക്ക് കല്ലംപാറ പഴയപാലം ഫുഡ് സ്ട്രീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ജനങ്ങൾക്ക് ഒന്നിക്കാൻ പൊതു ഇടങ്ങൾ ഉണ്ടാകുമ്പോൾ അവരെ ഭിന്നിപ്പിക്കാൻ സാധിക്കില്ലെന്നും മുഹമ്മദ് റിയാസ് പറഞ്ഞു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി ഈ മാസം 20 മുതൽ 28 വരെ ബൂത്ത് കമ്മിറ്റികളുടെ നേതൃത്വത്തിൽ ബൂത്ത് തലത്തിൽ ഭവന സന്ദർശനം നടത്താൻ KPCC നേതൃയോഗം തീരുമാനിച്ചു. നേതാക്കൾ അവരവരുടെ പ്രദേശങ്ങളിൽ സന്ദർശനത്തിന് നേതൃത്വം നൽകും. കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾക്കെതിരായ ലഘുലേഖ സന്ദർശന വേളയിൽ വിതരണം ചെയ്യും. തിരഞ്ഞെടുപ്പ് മുന്നൊരുക്ക പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി.

ശബരിമല സ്വർണ്ണക്കൊള്ളയിലും ആഗോള അയ്യപ്പ സംഗമത്തിന്റെ മറവിലും അഴിമതി നടത്തിയവരെ സംസ്ഥാന ഗവൺമെന്റ് സംരക്ഷിക്കുകയാണെന്ന് യോഗം കുറ്റപ്പെടുത്തി.

✪✪✪

2026 ലെ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് കടം വാങ്ങലും വായ്പയും, ഒന്നാം ഭേദഗതി RBI പുറത്തിറക്കി. കഴിഞ്ഞ വർഷം ഒക്ടോബറിൽ പുറത്തിറക്കിയ കരട് സംബന്ധിച്ച പ്രതികരണങ്ങളുടെ അടിസ്ഥാനത്തിലാണ് ഒന്നാം ഭേദഗതി പുറത്തിറക്കിയത്. വ്യവസ്ഥകൾ ഉടനടി പ്രാബല്യത്തിൽ വരുത്താൻ RBI ബാങ്കുകളോട് നിർദ്ദേശിച്ചിട്ടുണ്ട്.

✪✪✪

10, 12 ക്ലാസ് CBSE ബോർഡ് പരീക്ഷകൾ ഇന്ന് തുടങ്ങും. ഇന്ത്യയിലും വിദേശത്തുമായി 46 ലക്ഷം വിദ്യാർത്ഥികളാണ് പരീക്ഷ എഴുതുന്നത്. പത്താം ക്ലാസ് പരീക്ഷകൾ മാർച്ച് പത്തിനും 12-ാം ക്ലാസ് പരീക്ഷകൾ ഏപ്രിൽ ഒമ്പതിനും അവസാനിക്കും.

പത്താം ക്ലാസ് ബോർഡ് പരീക്ഷ എല്ലാ വിദ്യാർത്ഥികൾക്കും നിർബന്ധമാണെന്നും, ആദ്യ പരീക്ഷയിൽ മൂന്നോ അതിലധികമോ വിഷയങ്ങൾ നഷ്ടപ്പെട്ടാൽ അവരെ രണ്ടാം പരീക്ഷയ്ക്ക് അയോഗ്യരാക്കുമെന്നും CBSE വ്യക്തമാക്കി. അത്തരം വിദ്യാർത്ഥികളെ എസൻഷ്യൽ റിപീറ്റ് വിഭാഗത്തിൽ തരംതിരിക്കും. അടുത്ത വർഷം ഫെബ്രുവരിയിലെ മെയിൻ പരീക്ഷാ എഴുതാനെ ഇവർക്ക് കഴിയൂ.

✪✪✪

ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കും വിവേചനങ്ങളിൽ നിന്നും ഐക്യത്തിലേക്കും നമ്മുടെ നാട്ടിന്റെ മാറ്റം പ്രത്യക്ഷ രക്ഷാ ദൈവസഭ സ്ഥാപകൻ ശ്രീ കുമാരഗുരുദേവന്റെ 148-ാമത് ജന്മദിനം ആഘോഷിക്കുമ്പോൾ ഓർക്കണമെന്ന് മുഖ്യമന്ത്രി പിണറായ് വിജയൻ പറഞ്ഞു. ശ്രീ കുമാരഗുരുദേവന്റെ ജന്മദിനാഘോഷ പൊതുസമ്മേളനം പത്തനംതിട്ടയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

വാഹനാപകടത്തിൽ മരിച്ച ആലിൻ ഷെറിൻ എബ്രഹാമിന്റെ അവയവങ്ങൾ ദാനം ചെയ്ത മാതാപിതാക്കളുടെ പ്രവൃത്തി മഹത്തരം എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആലിന്റെ മാതാപിതാക്കളെ കോട്ടയം മല്ലപ്പള്ളിയിലെ വീട്ടിൽ സന്ദർശിക്കുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

പഴയ വാഹനങ്ങൾ പൊളിച്ച് ആക്രിയാക്കാനും ഔദ്യോഗികമായി സ്ക്രാപ്പ് സർട്ടിഫിക്കറ്റ് നൽകാനും KSRTC ആരംഭിക്കുന്ന ആദ്യകേന്ദ്രം എടപ്പാളിനടുത്ത് കണ്ടനകത്ത് മറ്റന്നാൾ മന്ത്രി K.B ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്യും. 2021-22 ൽ മോട്ടോർ വാഹന നിയമ ഭേദഗതിയെത്തുടർന്നാണ് 15 വർഷം കഴിഞ്ഞ വാഹനങ്ങൾ പൊളിക്കാനും സ്ക്രാപ്പ് സർട്ടിഫിക്കറ്റ് വാങ്ങാനുമുള്ള നിർദേശിച്ചത്. ഇതിനാണ് ഗവൺമെന്റും KSRTC-യും സ്വകാര്യ സംരംഭകരും പദ്ധതിയാവിഷ്കരിച്ചത്.

✪✪✪

ശ്രീലങ്കയിലെ പല്ലെക്കലെയിൽ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഓസ്ട്രേലിയയെ തോൽപ്പിച്ച് ശ്രീലങ്ക സൂപ്പർ 8 ലെത്തി. കൊൽക്കത്തയിൽ ഗ്രൂപ്പ് C മത്സരത്തിൽ ഇംഗ്ലണ്ട്, ഇറ്റലിയെ 24 റൺസിന് പരാജയപ്പെടുത്തി. ഡൽഹിയിൽ അഫ്ഗാനിസ്ഥാൻ UAE-യെ അഞ്ച് വിക്കറ്റിന് തോൽപ്പിച്ച് ടൂർണമെന്റിലെ ആദ്യ ജയം നേടി.

ഇന്ന് മൂന്ന് മത്സരങ്ങളുണ്ട്. ചെന്നൈയിൽ ഗ്രൂപ്പ് D യിൽ ന്യൂസിലൻഡ്, കാനഡയെ രാവിലെ 11-ന്  നേരിടും. പല്ലെക്കലെയിൽ ഉച്ചകഴിഞ്ഞ് 3 ന്, ഗ്രൂപ്പ് B യിൽ അയർലൻഡ്, സിംബാബ്‌വെയുമായി ഏറ്റുമുട്ടും. ഗ്രൂപ്പ് C യിൽ മുംബൈയിൽ വൈകീട്ട് 7 ന് സ്കോട്ട്ലൻഡ്, നേപ്പാളുമായി മത്സരിക്കും.

✪✪✪

ISL ഫുട്ബോളിൽ ഈസ്റ്റ് ബംഗാൾ, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ പരാജയപ്പെടുത്തി. കൊൽക്കത്തയിൽ എതിരില്ലാത്ത 3 ഗോളിനാണ് ഈസ്റ്റ് ബംഗാളിന്റെ ജയം.  ഇന്ന്  മത്സരമില്ല. മറ്റന്നാൾ വൈകീട്ട് മുംബൈ സിറ്റി, ചെന്നൈയിൻ FC യെ മുംബൈയിൽ നേരിടും.

✪✪✪

രാജ്യത്തെ സാമൂഹിക ഐക്യവും സാഹോദര്യവും നിലനിർത്തുന്നതിനും വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കും ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധേയമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ന്യൂഡൽഹിയിൽ പ്രധാനമന്ത്രിയുമായി ഇന്നലെ കാന്തപുരം കൂടിക്കാഴ്ച നടത്തിയതിന് ശേഷമാണ് സമൂഹ മാധ്യമക്കുറിപ്പിൽ ഇക്കാര്യം  അദ്ദേഹം വ്യക്തമാക്കിയത്.

✪✪✪

റംസാൻ വ്രതാരംഭവുമായി ബന്ധപ്പെട്ട് വിവിധ ജമാ അത്തുകളിലെ ഇമാമുമാരുടെയും മഹല്ല് ഭാരവാഹികളുടെയും യോഗം വൈകിട്ട് തിരുവനന്തപുരത്ത് ചേരും. പാളയം ജുമാ മസ്ജിദിലാണ് യോഗം. വ്രതാരംഭവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുമെന്ന് പാളയം ഇമാം ഡോക്ടർ.V.P ശുഹൈബ് മൗലവി അറിയിച്ചു.

✪✪✪

*News Editor* & *News Reader: വി കെ സുരേഷ്*
*News Editor : ഫർദിസ്*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*